ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. സ്വന്തമായി കച്ചവടസ്ഥാപനം നടത്തുന്ന വ്യക്തികൾക്കാണ് ഈ വായ്പ അനുവദിക്കുന്നത്.

2. മൂന്ന് വായ്പക്കാരുടെ പരസ്പര ജാമ്യത്തിൽ ഈ വായ്പ അനുവദിക്കുന്നു.

3. പ്രതിദിനം ഒരു നിശ്ചിത ഇകവച്ച് വായ്പ തിരിച്ചടയ്ക്കാവുന്നതാണ്.

(സി) പരമാവധി വായ്പാതുക 2,00,000 രൂപ, പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

വർഷം	പലിശ നിരക്ക്	കാലാവധി
2011-12	15.50 %	3 വർഷം
2012-13	15.50 %	3 വർഷം
2013-14	15.00 %	3 വർഷം
2014-15	13.00 %	3 വർഷം

ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ

99(2137) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ നിലവിലുണ്ടോ;

(ബി) ഔഷധ വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പ്രസ്തുത സ്റ്റോറുകൾ വിജയകരമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമല്ല എന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അടിസ്ഥാന സൗകര്യം ഒരുക്കി നൽകുന്ന ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത സംരംഭം ആരംഭിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സഹകരണ വകുപ്പിന് കീഴിൽ ത്രിവേണി മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ല. എന്നാൽ നീതി മെഡിക്കൽ സ്റ്റോറുകൾ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പദ്ധതിയുടെ പ്രയോജനം അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നുണ്ട്.

(ഡി) നീതി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഘങ്ങൾ വഴി ക്രമപ്രകാരമുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സംരംഭം ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

പാർട്ട് ടൈം ജീവനക്കാരുടെ നിയമനം

100(2138) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ഉത്തരവ് (പി) നമ്പർ 12/2013 തീയതി 19-1-2013 പ്രകാരം സഹകരണ ബാങ്കിലെ പാർട്ട് ടൈം ജീവനക്കാരെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ അവരെ സഹകരണ സംഘത്തിലെ പോഷക വിഭാഗത്തിൽ ഉൾപ്പെടുത്താനും ഒഴിവുവരുന്ന സബ് സ്റ്റാഫ് വിഭാഗത്തിൽ 50% സംവരണം നൽകി നിയമിക്കുന്നതിനുമുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തിയതിനുശേഷം മാത്രമേ ടി ആവശ്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

റിസ്ക് ഫണ്ട് പദ്ധതി

101(2139) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക്ഫണ്ട് പദ്ധതിയിൽ അംഗമായ വായ്പക്കാരൻ മരണപ്പെടുകയും പദ്ധതിയിലെ ആനുകൂല്യത്തിനായി ബന്ധപ്പെട്ട ബാങ്കുമുഖേന അപേക്ഷ നൽകുകയും ചെയ്താൽ വായ്പക്കാരന്റെ അവകാശികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സംഘങ്ങൾക്ക് അധികാരവും അവകാശവും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവോ സർക്കുലറോ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly